സി2/6202/2021/ഫാ&ബോ

"സുരക്ഷാ ഭവൻ"

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ
കാര്യാലയം, കുമാരപുരം, മെഡിക്കൽ
കോളേജ് പി.ഒ, തിരുവനന്തപുരം – 695011

ഇ–മെയിൽ: directorate.fab@kerala.gov.in

തീയതി: 28/02/2022.

## സർക്കുലർ നം. 08/2022

വിഷയം: ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റ് – ഓൺലൈൻ പൊതുസ്ഥലംമാറ്റം – 2022 – അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന: സ.ഉ (പി) നം. 3/2017/ഉഭപവ തീയതി: 25.02.2017 നമ്പർ സർക്കാർ ഉത്തരവ്.

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ സ.ഉ.(പി) ന.3/2017/ഉഭപവ തീയതി:25.02.2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2022–ലെ പൊതുസ്ഥലമാറ്റം ഓൺലൈൻ വഴി നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ വകുപ്പിലെ എല്ലാ ഓഫീസുകളും പാലിക്കേണ്ടതാണ്. അതിൻ പ്രകാരം എല്ലാ സ്ഥാപന മേധാവികളും ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതും അതിനുശേഷം ലോക്ക് ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ ലോക്ക് ചെയ്യാത്ത സ്ഥാപനങ്ങളിലെ അപേക്ഷ മേലധികാരികൾക്ക് ഫോർവേഡ് ചെയ്യുന്നതിന് സാധിക്കുന്നതല്ല. സ്പാർക്കിലെ സേവന വിവരങ്ങളിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതുസ്ഥലം മാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഓഫീസ് മേധാവികൾക്കായിരിക്കുമെന്നും ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

**<u>വകുപ്പിലെ ഓൺലൈൻ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>**

| | | |
|---|---|---|
| 1. | സ്റ്റേറ്റ് ലെവൽ ഓഫീസർ & സ്റ്റേറ്റ് ലെവൽ ഓഫീസ് | പി. പ്രമോദ്<br>ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ<br>സുരക്ഷാ ഭവൻ, ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം – 695011<br>ഫോൺ നം. 0471 - 0471 - 2441597 |
| 2. | നോഡൽ ഓഫീസർ | പ്രസീന. എൻ<br>ഗവ: അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |

## State level office/District level office-കളും ഇവയുടെ കീഴിൽ വരുന്ന ജില്ലാതല ഓഫീസുകളുടെയും വിവരങ്ങൾ

| Sl. No. | State Level Office/ District Level Office | State Level Officer/ District Level Officer | District | | Offices |
|---|---|---|---|---|---|
| 1. | Directorate of Factories & Boilers | Director (SLO) | Trivandrum | | Directorate |
| 2. | Inspector of Factories & Boilers Gr.I, Trivandrum | Inspector of Factories & Boilers Gr.I, | Trivandrum | 1. | Inspector of Factories & Boilers Gr.I, Tvpm |
| | | | | 2. | Additional Inspector of Factories, Neyyatinkara |
| | | | | 3. | Additional Inspector of Factories, Tvpm |
| 3. | Joint Director of Factories & Boilers, Kollam | Joint Director of Factories & Boilers | Kollam | 1. | Joint Director of Factories & Boilers, Kollam |
| | | | | 2. | Joint Director of Factories & Boilers (Medical) |
| | | | | 3. | Inspector of Factories & Boilers Gr.II, Kollam (S) |
| | | | | 4. | Inspector of Factories & Boilers Gr.II, Kundara |
| | | | | 5. | Additional Inspector of Factories, Kollam |
| | | | | 6. | Additional Inspector of Factories, Kundara |
| 4. | | Inspector of Factories & Boilers Gr.I | Alappuzha | 1. | Inspector of Factories & Boilers Gr.I, Alappuzha |

| | | | | | |
|---|---|---|---|---|---|
| | Inspector of Factories & Boilers Gr.I, Alappuzha | | | 2. | Inspector of Factories & Boilers Gr.II, Chengannur |
| | | | | 3. | Additional Inspector of Factories, Alappuzha |
| | | | | 4. | Additional Inspector of Factories, Chengannur |
| 5. | Inspector of Factories & Boilers Gr.Ii Kottayam | Inspector of Factories & Boilers Gr.II | Kottayam | 1. | Inspector of Factories & Boilers Gr.Ii, Kottayam |
| | | | | 2. | Additional Inspector of Factories, Kottayam |
| 6. | Inspector of Factories & Boilers Gr.II, Idukki | Inspector of Factories & Boilers Gr.II | Idukki | 1. | Inspector of Factories & Boilers Gr.II, Thodupuzha |
| | | | | 2. | Additional Inspector of Factories, Thodupuzha |
| 7. | Joint Director of Factories & Boilers, Ernakulam | Joint Director of Factories & Boilers | Ernakulam | 1. | Joint Director of Factories & Boilers, Ernakulam |
| | | | | 2. | Joint Director of Factories & Boilers, BPCL Kochi refinery |
| | | | | 3. | Inspector of Factories & Boilers Gr.I, Ernakulam |
| | | | | 4. | Inspector of Factories & Boilers Gr.I, Perumbavoor |
| | | | | 5. | Inspector of Factories & Boilers Gr.I, Aluva |
| | | | | 6. | Inspector of Factories & Boilers Gr.II, Kochi |
| | | | | 7. | Additional Inspector of Factories, Kochi |
| | | | | 8. | Additional Inspector of Factories, Perubavoor |

| | | | | | |
|---|---|---|---|---|---|
| | | | | 9. | Additional Inspector of Factories, Aluva |
| 8. | Inspector of Factories & Boilers Gr.II, Thrissur | Inspector of Factories & Boilers Gr.II | Thrissure | 1. | Inspector of Factories & Boilers Gr.II, Thrissure |
| | | | | 2. | Inspector of Factories & Boilers Gr.II, Irinjalakuda |
| | | | | 3. | Additional Inspector of Factories, Thrissur (S) |
| | | | | 4. | Additional Inspector of Factories, Thrissur (N) |
| | | | | 5. | Additional Inspector of Factories, Irinjalakuda |
| 9. | Inspector of Factories & Boilers Gr.II, Palakkad | Inspector of Factories & Boilers Gr.II, Office | Palakkad | 1. | Inspector of Factories & Boilers Gr.I, Palakkad |
| | | | | 2. | Inspector of Factories & Boilers Gr.II, Ottapalam |
| | | | | 3. | Additional Inspector of Factories, Palakkad (S) |
| | | | | 4. | Additional Inspector of Factories, Palakkad (N) |
| | | | | 5. | Additional Inspector of Factories, Ottapalam |
| 10. | Joint Director of Factories & Boilers, Kozhikode | Joint Director of Factories & Boilers Office | Kozhikode | 1. | Joint Director of Factories & Boilers, Kozhikode |
| | | | | 2. | Inspector of Factories & Boilers Gr.II, Kozhikode (S) |
| | | | | 3. | Inspector of Factories & Boilers Gr.II, Kozhikode (N) |
| | | | | 4. | Additional Inspector of Factories, Kozhikode |

| | | | | | |
|---|---|---|---|---|---|
| | | | | 5. | Additional Inspector of Factories, Kozhikode |
| 11. | Inspector of Factories & Boilers Gr.II, Malappuram | Inspector of Factories & Boilers Gr.II, Office | Malappuram | 1. | Inspector of Factories & Boilers Gr.I, Malappuram |
| | | | | 2. | Additional Inspector of Factories, Malappuram |
| 12. | Inspector of Factories & Boilers Gr.II, Kannur | Inspector of Factories & Boilers Gr.II, Office | Kannur | 1. | Inspector of Factories & Boilers Gr.I, Kannur |
| | | | | 2. | Inspector of Factories & Boilers Gr.II, Thaliparamba |
| | | | | 3. | Inspector of Factories & Boilers Gr.II, Thalassery |
| | | | | 4. | Additional Inspector of Factories, Kannur |
| | | | | 5. | Additional Inspector of Factories, Thaliparamba |

## ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. വകുപ്പിലെ ജീവനക്കാർക്ക് 2022-ലെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി 01.03.2022 10:00:00 am മുതൽ 14.03.2022 11:59:59 pm വരെ സ്പാർക്കിലെ Individual Login വഴി സമർപ്പിക്കാവുന്നതാണ്.

2. 2022 മാർച്ച് 1 -ന് മൂന്ന് വർഷം പൂർത്തിയാക്കുന്ന ജീവനക്കാരുടെ അപേക്ഷകൾ മാത്രമേ പൊതുസ്ഥലം മാറ്റത്തന് പരിഗണിക്കുകയുള്ളൂ.

3. ഓൺലൈൻ മുഖാന്തിരം ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ ജീവനക്കാർക്കുള്ള സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് www.spark.gov.in/webspark എന്ന സൈറ്റിൽ Individual Login ചെയ്തതിനു ശേഷം Service Matters ........................ Application for General Transfer എന്ന ഓപ്ഷൻ Open ചെയ്യുക. അപേക്ഷകന്റെ പെൻ നമ്പർ നൽകി ആ വ്യക്തിയുടെ സ്പാർക്ക് അക്കൗണ്ടിൽ ചേർത്തിരിക്കുന്ന മൊബൈൽ നമ്പർ നൽകുമ്പോൾ അപേക്ഷ ഫാറം ലഭ്യമാകുന്നതാണ്. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി/സെലക്ട് ചെയ്ത് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ വരുത്തി ഡിക്ലറേഷൻ അംഗീകരിക്കുക. അതിനു ശേഷം അതിനു താഴെയുള്ള ഒ.റ്റി.പി (വൺ ടൈം പാസ് വേഡ്) -ൽ വെരിഫൈ ബട്ടൺ ക്ലിക് ചെയ്യുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന നമ്പർ ചേർത്താൽ മാത്രമേ അപേക്ഷ രജിസ്റ്റർ ചെയ്യുകയുള്ളൂ. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ യാതൊരു വിധ തിരുത്തലും സാധ്യമല്ലാത്തതിനാൽ കൃത്യമായും ശ്രദ്ധാപൂർവ്വവും അപേക്ഷ പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്. അതിനുശേഷം പ്രിന്റ് എടുത്ത് ആവശ്യമായ രേഖകൾ സഹിതം

അപേക്ഷകൾ അതാത് ഓഫീസിൽ സമർപ്പിക്കുക. ഈ സൗകര്യം ജീവനക്കാർക്ക് 14.03.2022 11:59:59 pm വരെ മാത്രമേ ലഭ്യമാകുകയുള്ളൂ.

4. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ അതാത് ഓഫീസ് മേധാവികൾ/ഡി.ഡി.ഒ-മാർ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തി ജില്ലാ ലെവൽ ഓഫീസിലേക്ക് 07.03.2022, 10.00.00 മണി മുതൽ 16.03.2022 11:59:59 - മണിക്ക് മുമ്പായി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. ജില്ലാ ലെവൽ ഓഫീസ് മേലധികാരിയ്ക്ക് ലഭിക്കുന്ന സ്ഥലം മാറ്റത്തെ സംബന്ധിക്കുന്ന അപേക്ഷകൾ പരിശോധിച്ച് 17.03.2022 10:00:00 മണി മുതൽ 23.03.2022 23:59:59- മണിക്ക് മുമ്പായി സ്റ്റേറ്റ് ലെവൽ ഓഫീസർ (ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ)-ക്ക് സമർപ്പിക്കേണ്ടതാണ്.

6. ജീവനക്കാരുടെ ഓൺലൈൻ ജനറൽ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ സ്റ്റേറ്റ് ലെവൽ ഓഫീസർ സ്വീകരിക്കുന്നത് 21/03/2022 10:00:00 മണി മുതൽ 28/03/2022 23:59:59 മണി വരെ ആയിരിക്കും. ഈ തീയതികളിൽ യാതൊരു കാരണവശാലും മാറ്റം ഉണ്ടാകുന്നതല്ല.

7. എല്ലാ ജീവനക്കാരും ഓഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ സ്പാർക്ക് മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

8. ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി രേഖപ്പെടുത്തുക, മറച്ച് വയ്ക്കുക, വിവരങ്ങൾ നൽകാതെ വീഴ്ച വരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലമാറ്റത്തിനുള്ള അവസരം

നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

9. സ്പാർക്കിൽ ജീവനക്കാരുടെ സർവ്വീസ് ഹിസ്റ്ററിയിൽ ശരിയായ രീതിയിൽ പൂർണ്ണ വിവരങ്ങൾ ചേർക്കേണ്ടത് ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ ഉത്തരവാദിത്വമാണ്.

10. സ്പാർക്ക് മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ താഴെപ്പറയുന്ന നടപടി ക്രമങ്ങൾ പാലിച്ചാൽ മാത്രമേ അപേക്ഷകൾ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓൺലൈൻ വഴി ലഭിക്കുകയുള്ളൂ. അതിലേയ്ക്കായി എല്ലാ ഓഫീസിലേയും ഓഫീസ് ലോഗിൻ-ൽ Service Matters ...................... Online Transfer Processing ...................... Online Application processing- ഓപ്ഷൻ വഴി സബ്മിറ്റ് ചെയ്യേണ്ടതാണ്.

11. ജില്ലാ ലെവൽ ഓഫീസിൽ ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ ലെവൽ ഓഫീസർ പരിശോധിച്ച് ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് 23.03.2022 23:59:59 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

12. ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് അതാതു ജില്ലാ ലെവൽ ഓഫീസിൽ ബന്ധപ്പെട്ട ജീവനക്കാരെ നിയോഗിക്കുകയും ഫോൺ നമ്പർ എല്ലാ ഓഫീസുകൾക്കും നൽകേണ്ടതാണ്.

13. വകുപ്പിലെ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കേണ്ട വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പരും ഇ–മെയൽ ഐ.ഡി–യും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഡയറക്ടറേറ്റ് | 0471 – 2441597 | directorate.fab@kerala.gov.in |
| നോഡൽ ഓഫീസർ | 9656825452 | |
| എസ്റ്റാബ്ലിഷ്മെന്റ് | 9388444099 | |
| ഐ.റ്റി സെക്ഷൻ (സ്പാർക്ക്) | 9946469806<br>9387777760 | |

(ഒപ്പ്)

**ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ**

ഉള്ളടക്കം: 1. ബന്ധപ്പെട്ട സർക്കാർ ഉത്തരവ്
2. ഓൺലൈൻ ട്രാൻസ്ഫർ അപേക്ഷിക്കുന്നതിനുള്ള സ്പാർക്കിൽ നിന്നുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

സ്വീകർത്താവ്

എല്ലാ ഓഫീസ് മേധാവികളും, ഡി.ഡി.ഒ, ജില്ലാ ലെവൽ ഓഫീസർമാർ/ ജീവനക്കാർക്കും

പകർപ്പ്: വകുപ്പിലെ ഔദ്യോഗിക വെബ്സൈറ്റ്/
ഫാബ് കേരള വാട്സ്അപ്പ് ഗ്രൂപ്പ്

അംഗീകാരത്തോടെ അയയ്ക്കുന്നത്

ഗവ: അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ